**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3267** **21.08.2017-ൽ മറുപടിയ്ക്ക്**

## ആർ. ടി. ഓഫീസുകൾ അഴിമതിരഹിതവും സുതാര്യവും ആക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി. കൃഷ്ണൻ | | ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ആർ. ടി. ഓഫീസുകൾ അഴിമതിരഹിതവും സുതാര്യവും ആക്കാൻ എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്നും എന്തെല്ലാം പുരോഗമനപരമായ പരിഷ്കാരങ്ങളാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ; | (എ) | മോട്ടോർ വാഹന വകുപ്പ് അഴിമതി രഹിതമാക്കുന്നതിനായി വകുപ്പുതല പരിശോധനാ സംവിധാനം നിലവിലുണ്ട്. ഈ സംവിധാനം ഫലപ്രദമായി നടപ്പിലാക്കുന്നുണ്ട്. മാത്രമല്ല, ജനങ്ങൾക്ക് നേരിട്ട് സേവനം ലഭിക്കുന്നതിനുവേണ്ടി ഫീസുകളും പുതിയ സ്വകാര്യ വാഹനങ്ങളുടെ നികുതികളും ഇ-പേയ്മെന്റ് വഴി ഒടുക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഡ്രൈവർമാരുടെ അശ്രദ്ധമൂലം റോഡപകടങ്ങൾ വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ (എഴുത്ത് | (ബി) | ഡ്രൈവർമാരുടെ അശ്രദ്ധമൂലം റോഡപകടങ്ങൾ വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ കുറ്റമറ്റമാക്കുന്നതിനായി കേരളത്തിലെ ഡ്രൈവിംഗ് സ്കൂളുകളിലെ ഇൻസ്ട്രക്ടർമാർക്ക് വകുപ്പിന്റെ ഇടപ്പാളിലുള്ള ഐ.ഡി.റ്റി.ആറിൽ വച്ച് പരിശീലനം നൽകാനും അവരിലൂടെ പഠിതാക്കൾക്ക് നല്ലൊരു ഡ്രൈവിംഗ് സംസ്കാരം വളർത്തിയെടുക്കാനും ആവശ്യമായ നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | പരീക്ഷ, പ്രായോഗിക പരീക്ഷ) കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; ഇതിനായി കർമ്മപരിപാടി പരിഗണനയിൽ ഉണ്ടോയെന്ന് അറിയിക്കുമോ? | | ഇന്ത്യ ഒട്ടാകെ ഏകീകൃത ഡ്രൈവിംഗ് ലൈസൻസ് നൽകാനായി കേന്ദ്ര സർക്കാർ സ്ഥാപനമായ എൻ.ഐ.സി ഡെവലപ്പ് ചെയ്ത 'സാരഥി' സോഫ്റ്റ് വെയർ പരീക്ഷണാടിസ്ഥാനത്തിൽ വകുപ്പിന്റെ ഓഫീസുകളിൽ സ്ഥാപിക്കുകയും ഇതിലൂടെ ലൈസൻസ് നൽകുവാനും തുടക്കമിട്ടിട്ടുണ്ട്. ഈ സംവിധാനം എല്ലാ ഓഫീസുകളിലും താമസംവിനാ ഏർപ്പെടുത്താൻ വകുപ്പ് തയ്യാറെടുത്ത് വരുന്നു. |

സെക്ഷൻ ഓഫീസർ